**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജ്ഞാനശ്രീ കള്ളാടി സമുദായ ഉപപദ്ധതി എന്ന പ്രോജക്ട് (പ്രോ.നം.100/19 - അടങ്കൽ 15.00 ലക്ഷം രൂപ) നടപ്പാക്കാൻ ഉണ്ണികുളം ഗ്രാമപഞ്ചായത്തിന് അനുമതി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ(സാധാ)നം.**2702/ 2018 /തസ്വഭവ** — തീയതി തിരുവനന്തപുരം **22.10.2018**

പരാമർശം :- 1) കോഴിക്കോട് ജില്ലാ കളക്ടറുടെ 08.08.2018-ലെ 58704/2018/DPC/KKD നമ്പർ കത്തും ഉണ്ണികുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06.08.2018-ലെ A3-6579/18-ാം നമ്പർ കത്തും.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.09.18 ൽ കൂടിയ യോഗത്തിന്റെ 4.17 തീരുമാനവും 27.09.18 ൽ കൂടിയ യോഗത്തിന്റെ 2.2 നമ്പർ തീരുമാനവും

**ഉത്തരവ്**

ഉണ്ണികുളം പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കള്ളാടി സമുദായത്തിന്റെ ഉന്നമനത്തിനായി ജ്ഞാനശ്രീ കള്ളാടി സമുദായ ഉപപദ്ധതി എന്ന പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്നും (പ്രോ.നം.100/19 - അടങ്കൽ 15.00 ലക്ഷം രൂപ) ഇത് നടപ്പാക്കാൻ അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.09.18 ൽ കൂടിയ യോഗത്തിന്റെ 4.17 തീരുമാനപ്രകാരം നൂതനപ്രോജക്ട് എന്ന നിലയിൽ തയ്യാറാക്കിയ ഈ പ്രോജക്ട് സംബന്ധിച്ച് കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസർ പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിച്ചു

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.09.18 ൽ കൂടിയ യോഗം ഇക്കാര്യം പരിശോധിക്കുകയും ടി യോഗത്തിന്റെ തീരുമാനപ്രകാരം ജ്ഞാനശ്രീ കള്ളാടി സമുദായ ഉപപദ്ധതി എന്ന പ്രോജക്ട് (പ്രോ.നം.100/19 - അടങ്കൽ 15.00 ലക്ഷം രൂപ) നടപ്പാക്കാൻ ഉണ്ണികുളം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**പാറ്റ്സി സ്റ്റീഫൻ**
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോഴിക്കോട്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
സെക്രട്ടറി, ഉണ്ണികുളം ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**പകർപ്പ്:-** ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എയ്ക്ക്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**